പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7054 — 13.07.12ൽ മറുപടിയ്ക്ക്

**പെരുന്തേനരുവി - മണിയാർ ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയാണ് അനുവദിച്ചത്; പ്രസ്തുത തുക ഉപയോഗിച്ച് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്; | (എ) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 97,12,800/- രൂപ അനുവദിച്ചു. നിർദ്ദിഷ്ട പദ്ധതിയിൽ 4 കോട്ടേജുകൾ, പവലിയൻ, ഫെസിലിറ്റേഷൻ സെന്റർ, ടോയ്ലറ്റ് ബ്ളോക്ക്, ഭക്ഷണശാല എന്നിവ ഉൾപ്പെടുന്നു. |
| (ബി) ആദ്യഘട്ടത്തിൽ വിഭാവനം ചെയ്തിരുന്ന പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെയാണ് പൂർത്തിയായത്; ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണ്. ഇവയുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട രണ്ടു കോട്ടേജുകൾ, ടോയ്ലറ്റ്, പാർക്കിംഗ് യാർഡ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടു കോട്ടേജുകളുടെ നിർമ്മാണം, ഭക്ഷണശാല, ഫെസിലിറ്റേഷൻ സെന്റർ എന്നിവ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. ഈ പദ്ധതിയുടെ ബാക്കിയുള്ള പണികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ എക്സിക്യൂട്ടീവ് ഏജൻസിയായ SIDCOക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഇതിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; രണ്ടാം ഘട്ടത്തിൽ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിന് എന്തു തുക ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) ഉണ്ട്. ഇതിൽ ബിൽഡിംഗ്, ഓഡിറ്റോറിയത്തിന്റെ ഫർണിഷിംഗ്, ലാന്റ്സ്കേപ്പിങ്ങ് എന്നിവ ഉൾപ്പെടുന്നു. പദ്ധതി അടങ്കൽ 75,85,000/- രൂപയാണ്. പ്രസ്തുത പദ്ധതിക്ക് വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി SIDCOയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മണിയാർ ഡാം കേന്ദ്രീകരിച്ചു നടപ്പാക്കുന്ന ടൂറിസം പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ഡി) | മണിയാർ ഡാമിനോട് ചേർന്ന് വിനോദ സഞ്ചാരികൾക്ക് സൗകര്യമേർപ്പെടുത്തുന്നതിന്റെ ഭാഗമായി 50 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട പദ്ധതിയിൽ പാർക്കിംഗ് സൗകര്യങ്ങൾ, മണ്ഡപങ്ങൾ, ടോയ്‌ലറ്റ് ബ്ളോക്ക്, നടപ്പാത, കുട്ടികളുടെ വിനോദ സ്ഥലം, ലാന്റ്സ്കേപ്പിംഗ് മുതലായവ ഉൾപ്പെടുന്നു. ഈ പദ്ധതിയിൽ 3 മണ്ഡപങ്ങൾ, കുട്ടികളുടെ പാർക്ക്, നടപ്പാത മുതലായവ ഉൾപ്പെടെ 50% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഇ) | പെരുന്തേനരുവി പദ്ധതിയുടെയും മൂന്നാം ഘട്ടത്തിനും, മണിയാർ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ